പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3781 17.10.2011- ലെ മറുപടി

ഷട്ടിൽ സർവ്വീസുകൾ ഓടിക്കുവാൻ നടപടി

ചോദ്യം ഉത്തരം

ശ്രീമതി. ജമീലാ പ്രകാശം

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പൂവാർ ഹയർ സെക്കന്ററി സ്കൂൾ, കാഞ്ഞിരംകുളം പി.കെ.എസ്. ഹയർ സെക്കന്ററി സ്കൂൾ, കാഞ്ഞിരംകുളം ഗവൺമെന്റ് ഹൈസ്കൂൾ, നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഹയർ സെക്കന്ററി സ്കൂൾ, നെല്ലിമൂട് ന്യൂ ഹയർ സെക്കന്ററി സ്കൂൾ, ബാലരാമപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ തുടങ്ങി നിരവധി വിദ്യാലയങ്ങൾ സ്ഥിതി ചെയ്യുന്ന പൂവാർ - കാഞ്ഞിരംകുളം - ബാലരാമപുരം റൂട്ടിൽ അദ്ധ്യയന ദിവസങ്ങളിൽ കൂടുതൽ ഷട്ടിൽ സർവ്വീസുകൾ ഓടിക്കുവാൻ നടപടി സ്വീകരിക്കുമോ ; | (എ) | പൂവാർ ഡിപ്പോയിൽ നിന്നും പൂവാർ - കാഞ്ഞിരംകുളം - ബാലരാമപുരം വഴി തിരുവനന്തപുരത്തേക്ക് 71 -ാളം ട്രിപ്പുകൾ നിലവിൽ ഓപ്പറേറ്റ് ചെയ്തു വരുന്നുണ്ട്. അദ്ധ്യയന ദിവസങ്ങളിൽ നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഹയർ സെക്കന്ററി സ്കൂളിൽ നിന്നും ആരംഭിക്കുന്ന തരത്തിൽ തിരുവനന്തപുരത്ത് നിന്നും ഷട്ടിൽ സർവ്വീസ് നടത്തുന്നുണ്ട്. |
| (ബി) | ബന്ധപ്പെട്ട സ്കൂൾ അധികൃതരെയും, പി.റ്റി.എ. ഭാരവാഹികളെയും, ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കോൺഫറൻസ് വിളിച്ച് ഇത് സംബന്ധിച്ച തീരുമാനം എടുക്കാൻ തയ്യാറാകുമോ ? | (ബി) | യൂണിറ്റ് തലത്തിൽ എല്ലാ മാസവും ഒരു ദിവസം ജനപ്രതിനിധികളെയും അംഗീകൃത തൊഴിലാളി സംഘടനാ പ്രതിനിധികളെയും ഉൾപ്പെടുത്തി അവലോകന യോഗം ചേരാറുണ്ട്. ഈ യോഗത്തിൽ പ്രസ്തുത യൂണിറ്റിലെ സർവ്വീസ് ഓപ്പറേഷനെ സംബന്ധിച്ചാണ് പ്രധാനമായും ചർച്ച ചെയ്യാറുള്ളത്. ഈ യോഗത്തിൽ ജനപ്രതിനിധികൾക്ക് സർവ്വീസ് ഓപ്പറേഷനെ സംബന്ധിച്ച കാര്യങ്ങൾ |

| | | | |
|---|---|---|---|
| | | | അവതരിപ്പിക്കാവുന്നതും പ്രസ്തുത യൂണിറ്റിന്റെ പരിധിയിൽ വരുന്ന സർവ്വീസുകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ